**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1310** **30-06-2026-ൽ മറുപടിയ്ക്ക്**

**കായികമേഖലയുടെ സമഗ്രവികസനത്തിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ കായികമേഖലയുടെ സമഗ്രവികസനത്തിനും കളിസ്ഥലങ്ങളുടെ ശരിയായ വിനിയോഗത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;വ്യക്തമാക്കാമോ;

**മറുപടി:** ആധുനിക കാലത്തിനനുസൃതമായ കാഴ്ചപ്പാടോടുകൂടി കായിക രംഗത്തിന്റെ സമഗ്ര വികസനത്തിനും കേരളത്തെ ഒരു സ്പോർട്സ് ഹബ്ബ് ആക്കി മാറ്റുന്നതിനും ഉതകുന്ന ഒരു സമഗ്ര കായിക നയം രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ കായികമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിന് മികച്ച സൗകര്യം ഉറപ്പുവരുത്തുന്നതിനുമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള നിരവധി അടിസ്ഥാന സൗകര്യ നിർമ്മാണപ്രവൃത്തികൾ കായിക വകപ്പ് മുഖേന നടപ്പിലാക്കി വരികയാണ്. വിവിധ സ്ഥാപനങ്ങളുടെ ഫണ്ട് മുഖേനയും എം.എൽ.എ ആസ്തി വികസനഫണ്ട് മുഖേനയും കായിക വകുപ്പിന്റെ പദ്ധതിവിഹിതത്തിൽ നിന്നും തുക കണ്ടെത്തി കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുകയും ചെയ്തുവരുന്നുണ്ട്. എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം നിർമ്മിക്കുവാൻ ഉദ്ദേശിച്ച് ആവിഷ്കരിച്ച **"ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി"** കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന സാഹചര്യത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കും.

സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക-ഫിറ്റ്നസ് പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ അവസരം ഒരുക്കി ആരോഗ്യകരമായ ജീവിതശൈലിയും സാമൂഹിക ഉൾച്ചേരലും പ്രോത്സാഹിപ്പിക്കുന്ന കമ്യൂണിറ്റി സ്പോർട്സ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, 14 ജില്ലകളിലായി പരിശീലനം നേടിയ പ്രവർത്തകരുടെയും യുവജന ക്ലബ്ബുകളുടെയും നേതൃത്വത്തിൽ വിവിധ കായിക പരിപാടികൾ സംഘടിപ്പിക്കും. ആയതിൽ സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ, മുതിർന്നവർ, ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കും.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും നിയന്ത്രണത്തിലും, ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങൾ/ ഇൻഡോർ സ്റ്റേഡിയങ്ങൾ/ നീന്തൽക്കുളങ്ങൾ എന്നിവ കായികതാരങ്ങൾക്കും, പൊതുജനങ്ങൾക്കും പരിശീലനത്തിനും, മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും നിയന്ത്രണത്തിലും, ഉടമസ്ഥതയിലുമുള്ള

സ്റ്റേഡിയങ്ങൾ/ ഇൻഡോർ സ്റ്റേഡിയങ്ങൾ/ നീന്തൽകുളങ്ങൾ എന്നിവയിൽ ആവശ്യമായ പരിശീലകരെയും, മറ്റ് അനുബന്ധ സ്റ്റാഫുകളെയും നിയോഗിച്ച് ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുമുണ്ട്.

സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്റ്റേഡിയങ്ങളുടെ നിർമ്മാണ-നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ഇപ്രകാരം നിർമ്മിക്കപ്പെടുന്ന സ്റ്റേഡിയങ്ങൾ കായിക താരങ്ങൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനകരമാകുന്നതാണ്.

**(ബി)** സ്കൂൾ,സാമൂഹിക തലങ്ങളിൽ താഴേത്തട്ടിലുള്ള കായികപ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സ്കൂൾ സാമൂഹിക തലങ്ങളിൽ കായികതാരങ്ങളെ കണ്ടെത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി ഗ്രാസ് റൂട്ട് പരിശീലന പദ്ധതികളായ ഫുട്ബോൾ - ഗോൾ, ബോക്സിംഗ് - പഞ്ച്, ജൂഡോ - ജൂഡോക, അത്‌ലറ്റിക്സ് - സ്പ്രിന്റ്, ബാസ്കറ്റ്ബോൾ - ഹൂപ്സ്, നീന്തൽ - സ്പ്ലാഷ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മുതൽ പ്രസ്തുത പദ്ധതികൾ പുനരാരംഭിക്കുന്നതിനും, കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ പ്രൈമറി സ്കൂൾ തലത്തിൽ ശാരീരിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഒരു കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനും ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ലോവർ പ്രൈമറി സ്കൂളുകളിലും പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട കായിക ഇനങ്ങളിൽ സെലക്ഷൻ നടത്തി കുട്ടികളെ തെരഞ്ഞെടുത്ത് കായിക അക്കാഡമികൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് ലോഡ്ജിംഗ് ചാർജ്ജായി പ്രതിദിനം 250/- രൂപ അനുവദിച്ചു വരുന്നു. കൂടാതെ ഇവരുടെ ചികിത്സാ ചെലവുകൾ, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാബത്ത/ദിനബത്ത എന്നിവ കൗൺസിൽ വഹിക്കുന്നു. കൗൺസിലിന്റെ വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട കായിക ഇനങ്ങളിൽ ഇവർക്ക് പരിശീലനം നൽകി വരുന്നു. പ്രസ്തുത ഹോസ്റ്റലുകളിലെ പരിശീലനത്തിന് ആവശ്യമായ കായിക ഉപകരണങ്ങൾ, കായികതാരങ്ങൾക്കുള്ള കിറ്റ് എന്നിവയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകി വരുന്നു.

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ഇൻക്ലൂസീവ് സ്പോർട്സ് & പാരാലിമ്പിക്സ് നടത്തുന്നതിനുള്ള ധനസഹായം</u>**

ഇൻക്ലൂസീവ് സ്പോർട്സ് പദ്ധതി ഭിന്നശേഷിക്കാരായ കായികതാരങ്ങളുടെ പങ്കാളിത്തവും മികവും പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത പദ്ധതിയാണ്. പാരാലിമ്പിക്സ് ഉൾപ്പെടെയുള്ള മത്സരങ്ങളുടെ നടത്തിപ്പിനും ഇൻക്ലൂസീവ് സ്പോർട്സ് പ്രവർത്തനങ്ങൾക്കും ധനസഹായം നൽകും. എല്ലാവർക്കും തുല്യ കായിക അവസരങ്ങൾ ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**<u>ട്രൈബൽ സ്പോർട്സ്</u>**

പട്ടികവർഗ വിദ്യാർത്ഥികളെ കായിക രംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിനും അവരുടെ സജീവ പങ്കാളിത്തം വർധിപ്പിക്കുന്നതിനുമായി പ്രത്യേക കായിക വികസന പരിപാടികൾ സംഘടിപ്പിക്കുകയും കായിക പരിശീലനം, പ്രതിഭ കണ്ടെത്തൽ, മത്സരാവസരങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**<u>ടാലന്റ് ഹണ്ട് പ്രോഗ്രാം</u>**

സംസ്ഥാനത്തെ കായിക പ്രതിഭകളെ കണ്ടെത്തി ശാസ്ത്രീയ പരിശീലനം. പോഷകാഹാരം, മെഡിക്കൽ പിന്തുണ, ആധുനിക പരിശീലന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി മികവുറ്റ കായികതാരങ്ങളായി വളർത്തുകയാണ് ടാലന്റ് ഹണ്ട് പ്രോഗ്രാമിന്റെ ലക്ഷ്യം. സംസ്ഥാനത്തിനും രാജ്യത്തിനും മികച്ച കായികതാരങ്ങളെ വാർത്തെടുക്കുന്നതിൽ ഈ പദ്ധതി സുപ്രധാന പങ്ക് വഹിക്കുന്നു.

**(സി)** ദേശീയ - അന്തർദേശീയ തലങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കായികതാരങ്ങളെ പ്രാപ്തരാക്കുന്നതിന് മികച്ച പരിശീലനവും പിന്തുണയും ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കായിക യുവജന കാര്യാലയത്തിന് കീഴിൽ 3 സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്കൂളുകളിലെ കായികതാരങ്ങളുടെ മികച്ച പ്രകടനം, ശാരീരിക വളർച്ച, പരിശീലനാനന്തര വീണ്ടെടുപ്പ് എന്നിവ ഉറപ്പാക്കുന്നതിന് ശാസ്ത്രീയമായ പോഷകാഹാര പിന്തുണ അനിവാര്യമാണ്. ഇതിന്റെ ഭാഗമായി Nutrition Project – Supplementation Plan നടപ്പിലാക്കുന്നു. മെഡിക്കൽ ഓഫീസർ, പോഷകാഹാര വിദഗ്ധൻ, ഹൈ പെർഫോമൻസ് മാനേജർ, പരിശീലകർ എന്നിവരുടെ ശിപാർശ പ്രകാരം ഇലക്ട്രോലൈറ്റ് പാനീയങ്ങൾ, ഒമേഗ-3 സപ്ലിമെന്റുകൾ, എനർജി ബാറുകൾ എന്നിവ കായികതാരങ്ങൾക്ക് വിതരണം ചെയ്യുന്നു. കൂടാതെ ദേശീയ-അന്തർദേശീയ തലങ്ങളിൽ കായികതാരങ്ങൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിലിലെയും കായിക യുവജന കാര്യാലയത്തിന് കീഴിലും പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിലെയും പരിശീലകർക്ക് കോച്ചസ് എംപവർമെന്റ് പ്രോഗ്രാം സംഘടിപ്പിച്ചുവരുന്നു. പരിശീലകരുടെ സാങ്കേതിക വൈദഗ്ധ്യം ആധുനിക പരിശീലന രീതികളിലെ അറിവും വർധിപ്പിക്കുന്നതിനും കായികതാരങ്ങൾക്ക് ശാസ്ത്രീയവും നിലവാരമുള്ളതുമായ പരിശീലനം ഉറപ്പാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

കായിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ കായിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിന് മികച്ച സൗകര്യം ഉറപ്പുവരുത്തുന്നതിനുമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള നിരവധി അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവൃത്തികൾ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരികയാണ്. കിഫ്ബി ഫണ്ട് മുഖേനയും എം.എൽ.എ ആസ്തി വികസനഫണ്ട് മുഖേനയും കായിക വകുപ്പിന്റെ പദ്ധതിവിഹിതത്തിൽ നിന്നും തുക കണ്ടെത്തി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നതിനു ഉദ്ദേശിക്കുന്നുണ്ട്. എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം നിർമ്മിക്കുവാൻ ഉദ്ദേശിച്ച് ആവിഷ്കരിച്ച **"ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി"** കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന സാഹചര്യത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കും.

കായിക വികസന നിധിയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള കായികതാരങ്ങൾക്ക് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പിന്തുണ നൽകുന്നതിനായി സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**